പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3271 20.06.2014- ൽ മറുപടിക്ക്

കുടുംബനാഥൻ നഷ്ടപ്പെട്ട മൂന്ന് പെൺകുട്ടികളുടെ പഠനം പുനരാരംഭിക്കുന്നതിനു വേണ്ട നടപടി

ചോദ്യം

ശ്രീ. എൻ.എ.നെല്ലിക്കുന്ന്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്ത് അറയ്ക്കൽ ഇടയം കോളനിയിൽ കുടുംബനാഥൻ നഷ്ടപ്പെട്ട മൂന്ന് പെൺകുട്ടികൾ സ്കൂളിൽ പോകാൻ നിവൃത്തിയില്ലാതെ പഠനം ഉപേക്ഷിച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം ചൈൽഡ് വെൽഫെയർ കമ്മിറ്റി ഇടപെടുകയും രണ്ട് കുട്ടികളെ ഏറ്റെടുക്കുകയും മൂത്ത കുട്ടിയായ കുമാരി.വിസ്മയയെ കൊല്ലം മഹിളാ മന്ദിരത്തിൽ തൽക്കാലം പാർപ്പിച്ചിരിയ്ക്കുകയുമാണ്. ചിക്കൻ പോക്സ് രോഗം ബാധിച്ചതിനെത്തുടർന്ന് അമ്മൂമ്മയുടെ സംരക്ഷണയിൽ കഴിയുന്ന ദിവ്യ എന്ന കുട്ടിയുടെ അസുഖം ഭേദമാകുന്ന മുറയ്ക്ക് ഈ രണ്ടു കുട്ടികളെയും സാമൂഹ്യനീതി വകുപ്പിന്റെ അധീനതയിലുള്ള സർക്കാർ സ്ഥാപനത്തിലോ അല്ലെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള ഏതെങ്കിലും സ്ഥാപനത്തിലോ പാർപ്പിച്ച് സംരക്ഷിക്കുന്നതിനും, സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | മാനസിക അസ്വസ്ഥതയുള്ളതായി പറയപ്പെടുന്ന കുട്ടികളുടെ അമ്മയ്ക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനും, കുട്ടികളുടെ പഠനം പുനരാരംഭിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ? | (ബി) | മാനസിക വിഭ്രാന്തിയുള്ള ശ്രീമതി. ബിന്ദുവിനെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും മാനസിക വൈകല്യമുള്ളവരെ പാർപ്പിച്ച് ചികിത്സ നൽകുന്നതിന് അംഗീകാരമുള്ള *വിളക്കുടി സ്നേഹതീരം എന്ന സ്ഥാപനത്തിൽ പ്രവേശിപ്പിച്ച് ചികിത്സയും സംരക്ഷണവും നൽകി വരുന്നു. ഇളയകുട്ടിക്ക് മാതാവിന്റെ സംരക്ഷണം ആവശ്യമായതിനാൽ മാതാവിനൊപ്പം സ്ഥാപനത്തിൽ താമസിപ്പിച്ചിരിക്കുന്നു. രോഗം ഭേദമാകുന്ന മുറയ്ക്ക് ബിന്ദുവിനെയും കുട്ടികളെയും പുനരധിവസിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ